# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5778 — 02.07.2019 -ലെ മറുപടി

**ഭൂഗർഭ ജലം ചൂഷണം**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | ഏതെല്ലാം പ്രദേശങ്ങളിൽനിന്നാണ് വെള്ളം വൻതോതിൽ എടുക്കുന്നത് തടയണമെന്ന് കേന്ദ്ര ഭൂജലവകുപ്പ് നിർദേശിച്ചിരുന്നത്; വ്യക്തമാക്കുമോ; | എ) | സംസ്ഥാനഭൂജല വകുപ്പും കേന്ദ്രഭൂജലബോർഡും സംയുക്തമായി പഠനങ്ങൾ നടത്തി തയ്യാറാക്കിയ 2017- ലെ ഗ്രൗണ്ട് വാട്ടർ റിസോർസ്സ് ഓഫ് കേരള റിപ്പോർട്ട് പ്രകാരം പാലക്കാട് ജില്ലയിലെ ചിറ്റൂർ (Over exploited), കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, പാലക്കാട് ജില്ലയിലെ മലമ്പുഴ (ക്രിട്ടിക്കൽ), കണ്ണൂർ ജില്ലയിലെ കണ്ണൂർ, പാനൂർ, തലശ്ശേരി, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം, ഇളംദേശം, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്, കാറഡുക്ക, മഞ്ചേശ്വരം, കൊല്ലം ജില്ലയിലെ മുഖത്തല, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കുറ്റിപ്പുറം, മലപ്പുറം, താനൂർ, തിരൂരങ്ങാടി, തിരൂർ, വേങ്ങര പാലക്കാട് ജില്ലയിലെ പട്ടാമ്പി, തൃത്താല, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയിൻകീഴ്, പാറശ്ശാല, നെടുമങ്ങാട്, പോത്തൻകോട്, തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം, തളിക്കുളം എറണാകുളം ജില്ലയിലെ പാറക്കടവ് (സെമി ക്രിട്ടിക്കൽ) തുടങ്ങിയ 33 ബ്ലോക്കുകളിൽ നിന്നുമാണ് ഭൂജലം എടുക്കുന്നതിന് സംസ്ഥാനത്ത് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. |
| ബി) | സംസ്ഥാന ഭൂഗർഭ ജലവിഭവ വകുപ്പ് വൻതോതിൽ വെള്ളമെടുക്കുന്ന ഏതെല്ലാം പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ട്; ഭൂഗർഭജലം ചൂഷണം ചെയ്ത സ്ഥാപനങ്ങൾ ഏതെല്ലാം; ഇവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; | ബി) | സംസ്ഥാന ഭൂജലവകുപ്പ് ജലചൂഷണം നടത്തുന്ന പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയിലും പരിസര പ്രദേശങ്ങളിലും 12 സ്ഥലങ്ങളിലായി എറണാകുളം ജില്ലാ ഓഫീസ് മുഖേന പരിശോധന നടത്തുകയും ദുരന്തനിവാരണ സമിതിക്ക് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അനധികൃത ജലചൂഷണം തടഞ്ഞുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കിലെ ശ്രീ. സുദേവൻ, ശരവണ ഫ്യുവൽസ്, മണപ്പള്ളിക്കാവ്, ചിറ്റൂർ റോഡ് എന്ന സ്ഥാപനത്തിനെതിരെയും 5 വ്യക്തികൾ കുഴൽകിണറുകളിൽ നിന്നും അനധികൃത ജലചൂഷണം നടത്തി ടാങ്കർ ലോറികൾ വഴി വില്പന നടത്തിയതിനും ഭൂജലവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിൽ വിജ്ഞാപനം ചെയ്ത പ്രദേശമായ അതിയന്നൂർ ബ്ലോക്ക് പ്രദേശത്ത് വൻതോതിൽ ഭൂജലചൂഷണം നടത്തുന്ന വ്യക്തികൾക്കെതിരെ പിഴ ഈടാക്കി ഭൂജല ചൂഷണം നിർത്തിവെപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഭൂഗർഭ ജലം ചൂഷണം തടയുന്നതിന് ജലവിഭവ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി പരിശോധനയുൾപ്പെടെയുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | സി) | നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. നിലവിൽ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) 2002 ആക്റ്റിലെ നിയമങ്ങൾ പ്രകാരമാണ് ഭൂജലചൂഷണവുമായി ബന്ധപ്പെട്ട പരാതികളിൽ ഭൂജലവകുപ്പ് നടപടി സ്വീകരിച്ചു വരുന്നത്. |
| ഡി) | കേന്ദ്ര ഭൂഗർഭ ജലവിഭവ വകുപ്പ് റെഡ് അലെർട്ട് പ്രഖ്യാപിച്ച പ്രദേശങ്ങളിൽ ഭൂഗർഭജലം മീറ്ററുകളോളം താഴ്ന്ന കാര്യം പരിശോധിക്കുമോ; കേരളത്തിൽ റെഡ് അലർട്ട് പ്രഖ്യാപിച്ച സ്ഥലങ്ങൾ ഏതെല്ലാമാണ്; ഭൂഗർഭ ജലം താഴ്ന്ന സ്ഥലങ്ങൾ ഏതെല്ലാം; വ്യക്തമാക്കുമോ; | ഡി) | കേന്ദ്ര ഭൂഗർഭ ജലവിഭവ വകുപ്പ് സംസ്ഥാനത്ത് ഏതെങ്കിലും പ്രദേശങ്ങളിൽ ഭൂജലവിതാനം താഴ്ന്നതിന്റെ പേരിൽ റെഡ് അലെർട്ട് പ്രഖ്യാപിച്ചതായി ഭൂജലവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) | റെഡ് അലർട്ട് പ്രഖ്യാപിച്ച സ്ഥലങ്ങളിലും ഭൂഗർഭജലം താഴ്ന്ന സ്ഥലങ്ങളിലും ബ്രൂവെറികൾക്കും ഡിസ്റ്റിലറികൾക്കും അനുവാദം നൽകിയ കാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇത്തരത്തിൽ റെഡ് അലർട്ട് പ്രഖ്യാപിച്ച സ്ഥലങ്ങളിൽ അനുവാദം നൽകിയ സ്ഥാപനങ്ങൾ ഏതെല്ലാം; വ്യക്തമാക്കുമോ? | ഇ) | റെഡ് അലർട്ട് പ്രഖ്യാപിച്ചതായുള്ള ഔദ്യോഗിക റിപ്പോർട്ട് കേന്ദ്രഭൂജലബോർഡ് ഭൂജലവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. എന്നാൽ പാലക്കാട് ജില്ലയിലെ അമിതചൂഷിത ബ്ലോക്കായ ചിറ്റൂർ, ഗുരുതര ബ്ലോക്കുകളായ കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, പാലക്കാട് ജില്ലയിലെ മലമ്പുഴ എന്നിവിടങ്ങളിലും കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ളോക്ക്, പാനൂർ ബ്ളോക്ക്, തലശ്ശേരി ബ്ളോക്ക്, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം, ഇളംദേശം ബ്ളോക്കുകൾ, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്, കാറഡുക്ക, മഞ്ചേശ്വരം, കൊല്ലം ജില്ലയിലെ മുഖത്തല ബ്ളോക്ക്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കുറ്റിപ്പുറം, മലപ്പുറം, താനൂർ, തിരൂരങ്ങാടി, തിരൂർ വേങ്ങര പാലക്കാട് ജില്ലയിലെ പട്ടാമ്പി, തൃത്താല, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയിൻകീഴ്, പാറശ്ശാല, നെടുമങ്ങാട്, പോത്തൻകോട് ബ്ളോക്കുകൾ, തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം, തളിക്കുളം ബ്ലോക്കുകൾ, എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് എന്നീ സെമിക്രിട്ടിക്കൽ ബ്ലോക്കുകളിലും ബ്രൂവെറികൾക്കും ഡിസ്റ്റിലറികൾക്കും സംസ്ഥാനഭൂജല അതോറിറ്റി നിലവിൽ അനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ